**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3659** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സുരക്ഷിതയാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിനായി സർവ്വീസിന് അനുവദിക്കുന്ന എല്ലാ ബസ്സുകളുടേയും അറ്റകുറ്റ പണികൾ യഥാസമയം പൂർത്തീകരിച്ച് മാത്രം സർവ്വീസിന് അനുവദിക്കുന്നതിനും നിശ്ചിത ഇടവേളകളിൽ സൂപ്പർ ചെക്കിംഗ് നടത്തുന്നതിനും ബന്ധപ്പെട്ട യൂണിറ്റ് / ഗ്യാരേജ് അധികാരികൾക്ക് കർശന നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ യാത്ര സുരക്ഷിതമാക്കുന്നതിനും റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുമായി സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. അപകടങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി യൂണിറ്റ് തലത്തിലും ചീഫ് ഓഫീസ് തലത്തിലും അപകട നിരീക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ സമിതി എല്ലാ മാസവും യോഗം ചേർന്ന് അപകടങ്ങൾ വിലയിരുത്തുകയും അപകടം കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. റോഡ് അപകട നിവാരണവുമായി ബന്ധപ്പെട്ട് ഡിപ്പോ തലത്തിൽ മൂന്ന് മാസത്തിൽ ഒരിക്കൽ മോട്ടോർ വെഹിക്കിൾ ഇൻസ്‌പെക്ടർ, Road Safety Authority ഉദ്യോഗസ്ഥർ, ഈ മേഖലയിലെ വിദഗ്ദ്ധൻമാർ എന്നിവരുടെ നേതൃത്വത്തിൽ മുഴുവൻ ഡ്രൈവർ കണ്ടക്ടർ വിഭാഗം ജീവനക്കാർക്കും അപകട ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു കൂടാതെ മരണകാരണമാകുന്ന അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർ വിഭാഗം ജീവനക്കാർക്കും മദ്യപിച്ച് ഡ്യൂട്ടിയ്ക്കെത്തുന്ന ജീവനക്കാർക്കും |

| | | | |
|---|---|---|---|
| | | | പരിശോധന നടത്തി കർശന അച്ചടക്ക നടപടികളും തിരുത്തൽ പരിശീലനവും നൽകിവരുന്നു.<br><br>അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി പുതിയ ബസുകളിൽ "കോ പൈലറ്റ്A1 ഫീച്ചർ ക്യാമറ" ഡ്രൈവർ ക്യാമറയുടെ കൂടെ ഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സഹായത്താൽ ഡ്രൈവിംഗ് സമയത്തുള്ള ഡ്രൈവിങ്ങിന്റെ ശ്രദ്ധ തിരിക്കുന്ന ഉറക്കം, മൊബൈൽ ഉപയോഗം, പുകവലി തുടങ്ങിയവയും അമിത വേഗത അശ്രദ്ധമായ ഡ്രൈവിംഗ് എന്നിവ യഥാസമയം തന്നെ കണ്ടെത്തി അലർട്ട് ചെയ്യുന്നതിലൂടെ അപകടം ഒഴിവാക്കുന്നതിന് സാധിയ്ക്കുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ യാത്രക്കിടയിൽ അഗ്നിക്കിരയാകുന്നത് വർദ്ധിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ കൃത്യമായ ഇടവേളകളിൽ സാങ്കേതിക പരിശോധനയും അറ്റകുറ്റപ്പണികളും നടത്തി യാത്രയ്ക്ക് സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാഹന നിർമ്മാതാക്കൾ നിഷ്കർഷിച്ചിരിക്കുന്ന വിധം അറ്റകുറ്റ പണികൾ കൃത്യമായ ഇടവേളകളിൽ നടത്തുന്നതിന് എല്ലാ യൂണിറ്റ് / വർക്ക്ഷോപ്പ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ സുരക്ഷിതത്വവും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായി എല്ലാ ബസ്സുകളുടേയും ഇലക്ട്രിക്കൽ സിസ്റ്റം ഉൾപ്പെടെ എല്ലാ ഭാഗങ്ങളും പരിശോധിച്ച് തകരാറുകൾ പരിഹരിച്ച് മാത്രം സർവ്വീസിന് അനുവദിക്കുന്നതിനും, നിശ്ചിത ഇടവേളകളിൽ സൂപ്പർ ചെക്കിംഗ് നടത്തുന്നതിനും ബന്ധപ്പെട്ട യൂണിറ്റ് / വർക്ക്ഷോപ്പ് അധികാരികൾക്ക് പ്രത്യേക നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പഴക്കംചെന്ന പൊതുഗതാഗതയോഗ്യമല്ലാത്ത ബസ്സുകൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യുടെ പഴക്കംചെന്ന പൊതുഗതാഗതയോഗ്യമല്ലാത്ത ബസ്സുകൾ രൂപമാറ്റം വരുത്തി ഷോപ് ഓൺ വീൽസ് ആയി ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ